Draft #1 of File 51702/AC D-4/2022/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 07-Apr-2022 12:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അണ്ണാമലൈ സർവകലാശാല ,തമിഴ് നാട്-2015 അക്കാദമിക വർഷം മുതൽ നടത്തുന്ന വിദൂര വിദ്യാഭ്യാസ (Open and Distance Learning(ODL)) പ്രോഗ്രാമുകൾക്ക് UGC യുടെ അംഗീകാരമില്ല എന്നറിയിച്ചു കൊണ്ടുള്ള UGC പൊതു അറിയിപ്പിന്റെ അടിസ്ഥാനത്തിലുള്ള നിർദേശങ്ങൾ സർ വകലാശാലയിൽ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10 (17 )പ്രകാരം അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 3584/AC D/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.04.2022

---

*പരാമർശം:*-1 )F No.1-2/2015(DEB-III) തീയതി 25.03.2022 സെക്രട്ടറി ,യുജിസി യുടെ പൊതു അറിയിപ്പ് .

**ഉത്തരവ്**

1 ) സെക്രട്ടറി, യുജിസി - യുടെ പരാമർശം(1) പ്രകാരമുള്ള പൊതു അറിയിപ്പിൽ അണ്ണാമലൈ സർവകലാശാല, തമിഴ് നാട് UGC Open and Distance Learning Regulations (ODL) 2017 -ന് വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്നും 2014 -2015 അക്കാദമിക വർഷം വരെ മാത്രം ODL പ്രോഗ്രാം നടത്താൻ അനുമതി ഉള്ള ടി സർവകലാശാല,പ്രസ്തുത റെഗുലേഷനും കാലാകാലങ്ങളിലുള്ള ടി റെഗുലേഷന്റെ ഭേദഗതിയ്ക്കും UGC - യുടെ തുടർ അംഗീകാരം ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപങ്ങൾക്ക് Open and Distance Learning /Online programme കളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സാധ്യമല്ല എന്ന ചട്ടത്തിനും വിരുദ്ധമായുമാണ് കോഴ്സ് നടത്തുന്നതെന്നും അതിനാൽ അണ്ണാമലൈ സർവകലാശാല വിദൂര വിദ്യാഭ്യാസം (ODL mode) വഴി നടത്തുന്ന പ്രോഗ്രാമുകളിൽ പ്രവേശനം നേടരുതെന്നും പ്രസ്തുത കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് അണ്ണാമലൈ സർവകലാശാല മാത്രമാകും ഉത്തരവാദിയെന്നും ടി നോട്ടീസിൽ UGC മുന്നറിയിപ്പ് നൽകിയിരുന്നു .

2) യു ജിസി -യുടെ F No.1-2/2015(DEB-III) 25.03.2022 തീയതിയായ പൊതു അറിയിപ്പിൻ പ്രകാരം,2015 അക്കാദമിക വർഷം മുതൽ അണ്ണാമലൈ സർവകലാശാല നടത്തി വരുന്ന ODL പ്രോഗ്രാമുകൾക്ക് അംഗീകാരം ഇല്ല എന്ന പരാമർശം (1) പ്രകാരമുള്ള പൊതു അറിയിപ്പ് സർവകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന തീരുമാനങ്ങൾ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10 (17 ) പ്രകാരം അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അംഗീകരിച്ച് ഉത്തരവാകുന്നു.

i ) അണ്ണാമലൈ സർവകലാശാലയിൽ നിന്നും Distance mode - ൽ UG/PG കോഴ്സുകൾക്ക് 2015 അക്കാദമിക വർഷം മുതൽ പ്രവേശനം നേടി Eligibility/Equivalency സർട്ടിഫിക്കറ്റിന് വേണ്ടി സർവകലാശാലയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ നിരസിക്കുന്നതിനും 2014 അഡ്മിഷൻ വരെ (Prior to 2015 Admission ) പ്രവേശനം നേടിയവരുടെ അപേക്ഷകൾ മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം നിയമാനുസൃതം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു

ii) അണ്ണാമലൈ സർവകലാശാലയിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി 2015 അക്കാദമിക വർഷമോ അതിന് ശേഷമോ പ്രവേശനം നേടി UG/PG ബിരുദം കരസ്ഥമാക്കിയതും നിലവിൽ എം ജി സർവകലാശാലയിൽ PG/ MPhil /PhD കോഴ്സുകൾക്ക് പ്രവേശനം നേടി പഠനം തുടരുന്ന വിദ്യാർത്ഥികളുടെ പ്രവേശനം ഇതിനകം നൽകി കഴിഞ്ഞിട്ടുള്ള Eligibility/Equivalency Certificate ന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നു.

iiii ) Autonomous/Affiliated Aided / Unaided കോളേജുകളിലെ പ്രിൻസിപ്പാൾമാർ
2022 അധ്യയന വർഷം മുതലുള്ള വിദ്യാർത്ഥി പ്രവേശനത്തിനു യു ജിസി യുടെ F No.1-2/2015(DEB-III)25.03.2022 തീയതിയായ പൊതു അറിയിപ്പിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

iv ) യു ജിസി - യുടെ F No.1-2/2015(DEB-III) 25.03.2022 തീയതിയായ പൊതു അറിയിപ്പിൻ പ്രകാരം 2015-16 അക്കാദമിക വർഷം മുതൽ അണ്ണാമലൈ സർവകലാശാല നടത്തി വരുന്ന ODL പ്രോഗ്രാമുകൾക്ക് അംഗീകാരം ഇല്ല എന്നതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവകലാശാല നാളിതു വരെ നൽകിയ Eligibility / Equivalency സർട്ടിഫിക്കറ്റിന്റെ സാധുത യു ജിസി - യുടെ F No.1-2/2015(DEB-III) 25.03.2022 തീയതിയായ പൊതു അറിയിപ്പിന് വിധേയമായിരിക്കുന്നതാണ്.

v)യു ജിസി - യുടെ F No.1-2/2015(DEB-III) 25.03.2022 തീയതിയായ പൊതു അറിയിപ്പിൻ പ്രകാരം 2015 അക്കാദമിക വർഷം മുതൽ അണ്ണാമലൈ സർവകലാശാല നടത്തി വരുന്ന ODL പ്രോഗ്രാമുകൾക്ക് അംഗീകാരം ഇല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ,2015 അഡ്മിഷൻ മുതലുള്ള പ്രസ്തുത കോഴ്സുകളുടെ അംഗീകാരത്തിനോ /തുല്യത അംഗീകാരത്തിനോ ആയുള്ള കോഴ്സ് റെക്കഗ്നിഷൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി



Draft #1 of File 51702/AC D-4/2022/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 07-Apr-2022 12:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

പകർപ്പ്

1. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)

2.സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

3 . എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും

4 . പ്രൈവറ്റ് സെക്രട്ടറി ( വി.സി / പി.വി.സി )

5 . രജിസ്ട്രാറുടെ പി.എ/പരീക്ഷ കൺട്രോളറുടെ പി എ /ഡയറക്ടർ, COE/ഡയറക്ടർ DASP

6 . ജെ ആർ II (ഭരണ വിഭാഗം )

7 .എ ആർ III / ഡി ആർ II (അക്കാദമിക് )

8. Ac AI/Ac AVII/ Ac CI /Ac C2

9 .Ac B VI/Ac B VII/Ac A8 (അനന്തര നടപടികൾക്കായി )

10. Ac B I/Ac BII/Ac BV

10. Ac L/Legal Section

11.Ac AII/Ac AX/Ac AXI

12. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ

13.ഐ.ക്യൂ.എ.സി /പി ആർ ഒ

14.കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 51702/AC D-4/2022/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 07-Apr-2022 12:05 PM - Page 3